# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി15)986/22
തി.02.07.22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) അസി.ഡവലപ്പ്മെന്റ് കമ്മീഷ്ണർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി15)986/22 തീയ്യതി: 03/07/2022
തി.02.07.22

## തൃശ്ശൂർ ജില്ലയിലെ വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷാജി.കെ | ജോയിന്റ് ഡയറക്ടർ | 27-05-2022 | 30-05-2022 |
| ശ്രീ.സതീശൻ.എൻ | ജോയിന്റ് ഡയറക്ടർ(ഇൻ ചാർജ്ജ്) | 01-06-2022 | 03-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-05-2022 | 03-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശിവൻ.പി.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി. സുമിത ടി എസ്,അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽകുമാർ.കെ.സി,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.ബിന്ദു.കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാധാകൃഷ്ണൻ.കെ.എസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| (അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-11-2020 | 29-12-2020 |
| ശ്രീമതി.വിജയലക്ഷ്മി വിനയചന്ദ്രൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി.ബാബു | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.സിജോ സി.എസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.കവിത വേലായുധൻ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ടി.വി.ബിന്ദു | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി.ദിജി.എം.ടി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മണി.ഒ.എൻ | ശിശു വികസന ഓഫീസർ | 01-04-2020 | 04-09-2020 |
| ശ്രീ.ഷംസാദ്.എം | ശിശു വികസന ഓഫീസർ | 05-09-2020 | 06-12-2020 |
| ശ്രീമതി.ലീന.പി.ജോസഫ് | ശിശു വികസന ഓഫീസർ | 07-12-2020 | 31-03-2021 |
| ശ്രീ.അരുൺ കുമാർ | ക്ഷീര വികസന ഓഫീസർ | 01-04-2020 | 09-06-2020 |
| ശ്രീമതി.സെറിൻ.പി.ജോർജ് | ക്ഷീര വികസന ഓഫീസർ | 10-06-2020 | 31-03-2021 |
| ശ്രീ.പി.മുഹമ്മദ് ഹാരിസ് | കൃഷി അസി.ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ദിവ്യ കുഞ്ഞുണ്ണി | ബ്ലോക്ക് പഞ്ചായത്ത് | 01-04-2020 | 01-02-2021 |

| | | | |
|---|---|---|---|
| | സെക്രട്ടറി | | |
| ശ്രീ.ലോഹിതാക്ഷൻ.ഇ.എം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി(ഇൻ ചാർജ്) | 02-02-2021 | 28-02-2021 |
| ശ്രീമതി.ജെനിഫർ ഫാൻസി എസ് | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 01-03-2021 | 31-03-2021 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 05-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 05-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: Bindhu (Auditor, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-7 |
| 8 | പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 03-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-8 |
| 9 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 03-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-9 |
| 10 | ജേണൽ വൌച്ചറുകൾക്ക് വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 03-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-10 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 03-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-11 |
| 12 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 03-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-12 |
| 13 | ഡിപ്രിസിയിസേഷൻ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 03-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-13 |
| 14 | ആസ്തിയുടെ മൂല്യം കുറവ് വന്നത് പരിഹരിക്കേണ്ടതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 03-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-14 |
| 15 | Public Lighting - B11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 03-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-15 |
| 16 | ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 03-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-16 |

| | | |
|---|---|---|
| 17 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല.<br>Written By: Bindhu (Auditor, On 03-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-17 |
| 18 | ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.<br>Written By: Bindhu (Auditor, On 03-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-18 |
| 19 | ബാങ്ക് നീക്കിയിരിപ്പിൽ വ്യത്യാസം<br>Written By: Bindhu (Auditor, On 03-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-19 |
| 20 | Covid-Treasury അക്കൌണ്ട് -റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ്, അക്കൗണ്ട്സ് എന്നിവ തമ്മിൽ വ്യത്യാസം<br>Written By: Bindhu (Auditor, On 03-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-20 |
| 21 | ക്യാഷ് നീക്കിയിരിപ്പിൽ വ്യത്യാസം<br>Written By: Sumitha T.S (Asst. Audit Officer, On 04-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-21 |
| 22 | Capital Work In Progress-വാർഷികകണക്കും രജിസ്റ്ററും തമ്മിൽ വ്യത്യാസം<br>Written By: Sumitha T.S (Asst. Audit Officer, On 04-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-22 |
| 23 | ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി.<br>Written By: Sumitha T.S (Asst. Audit Officer, On 04-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-23 |
| 24 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 03-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-24 |
| 25 | പത്ര പരസ്യം - ഡിസ്കൗണ്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്<br>Written By: P.A.Sivan (Audit Officer, On 04-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-25 |
| 26 | സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ അപാകതകൾ:-6724301/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Nirmal K G (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-26 |
| 27 | വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സഹായം-യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.<br>Written By: Sumitha T.S (Asst. Audit Officer, On 04-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-27 |
| 28 | ടോയ്ലറ്റിന് ഭീഷണിയായി തേക്കുമരവേരുഭീഷണി<br>Written By: P.A.Sivan (Audit Officer, On 08-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-28 |
| 29 | സാധനങ്ങളുടെ ഗുണനിലവാരപരിശോധന സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: P.A.Sivan (Audit Officer, On 08-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-29 |
| 30 | പുളിയിലക്കുന്ന് സാംസ്കാരികനിലയം നല്ലൊരു ആസ്തിയാക്കി മാറ്റേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 08-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-30 |
| 31 | ഗ്രാമീണവായനശാലാ കെട്ടിടം അപാകത പരിഹരിക്കേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 08-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 02-07-2022) | 1-31 |
| 32 | വെള്ളൂർ അംബേദ്കർ കോളനി പാർശ്വസംരക്ഷണം-പ്രയോജനം നാമമാത്രം<br>Written By: P.A.Sivan (Audit Officer, On 08-06-2022) | 1-32 |

| | | |
|---|---|---|
| | Last Updated By: P.A.Sivan (Audit Officer, On 03-07-2022) | |
| 33 | മരാമത്ത് പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും<br>Written By: P.A.Sivan (Audit Officer, On 08-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-33 |
| 34 | കരാറുകൾ ചമച്ചിട്ടുള്ളത് ആധികാരികമായിട്ടല്ല<br>Written By: P.A.Sivan (Audit Officer, On 08-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-34 |
| 35 | മരുന്നുകൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.<br>Written By: SunilKumar K C (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-35 |
| 36 | പാലിയേറ്റീവ് കെയർ -ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നല്കൽ<br>Written By: SunilKumar K C (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 05-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 05-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 05-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 05-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 05-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 05-06-2022) | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 05-06-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 05-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.A.Sivan (Audit Officer, On 05-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 03-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 25.03.2020 | 1/1 | 297677237 | 290756007 |

### 1-2 വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം

| സമർപ്പിക്കേണ്ട തീയതി | സമർപ്പിച്ച തീയതി |
|---|---|
| 31-07-2021 | 25.06.2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12212515 |
| വരവ് | 74908526 |
| ആകെ | 87121041 |
| ചെലവ് | 80720672 |
| നീക്കിയിരിപ്പ് | 6400369 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 20181165 | 19936088 | 245077 |
| വികസന ഫണ്ട് – എസ് സി പി | 15901601 | 15747945 | 153656 |
| വികസന ഫണ്ട് – ടി.എസ്. പി | 185488 | 160000 | 25488 |
| മെയിന്റനൻസ്-റോഡിതരം | 3522013 | 3522013 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 7580000 | 7042573 | 537427 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 89 | 69121987 | 74 | 50558650 | 13 | 2 | 73.14 |

### 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.05.2022 തീയതിയിൽ 3.30 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-7 ആഭ്യന്തര നിയന്ത്രണം

വാർഷികകണക്കുകളിലെയും വരവ്-ചെലവിനങ്ങളിലെയും അപാകതകളും നിരീക്ഷണങ്ങളും ഈ റിപ്പോർട്ടിലെ ഒന്നാം ഭാഗത്തിൽ അതതു ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ളതാണ്.

## 1-8 പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല {കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)}. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

## 1-9 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-10 ജേണൽ വൌച്ചറുകൾക്ക് വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011, ചട്ടം 7). ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-12 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5812146/- രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 23239809/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-13 ഡിപ്രിസിയിസേഷൻ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തെ Income And Expenditure പത്രിക പ്രകാരം 4229984/- രൂപ ഡിപ്രിസിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-14 ആസ്തിയുടെ മൂല്യം കുറവ് വന്നത് പരിഹരിക്കേണ്ടതാണ്.

31/3/2021 ലെ ബാലൻസ്ഷീറ്റ് പ്രകാരം വെഹിക്കിൾസ് എന്ന ആസ്തികൾക്ക് 761050/-രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2021 ലെ Accumalated Depreciation (761050/-) രൂപയാണ്. ആസ്തികളുടെ മൂല്യവും തേയ്മാനചെലവും തുല്യം ആയതിനാൽ ആസ്തിയുടെ മൂല്യം 0/- ആകുന്നു. ആസ്തിയുടെ വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക തുടർ വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-15 Public Lighting - B11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-17(a) ഷെഡ്യൂളിൽ Public Lighting എന്ന ആസ്തിയ്ക്ക് തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈ ആസ്തി ബാലൻസ്ഷീറ്റിലെ- B11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

### 1-16 ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-17 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നം. | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450650109 | STSB-Joint Venture | 210000/- |

### 1-18 ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക ,ബാങ്ക് പാസ്സ് ബുക്ക്/ ബാങ്ക് പത്രിക തയ്യാറാക്കിയിട്ടില്ല (കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57)).

| ക്രമ നം. | ബാങ്ക് | അക്കൌണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1. | SBI(VAT) | 67293074876 | 06/20-03/21 |

### 1-19 ബാങ്ക് നീക്കിയിരിപ്പിൽ വ്യത്യാസം

SCB-Own Fund അക്കൌണ്ട് നം.4151 ന്റെ ബാങ്ക് ബുക്ക് പ്രകാരം 31.03.2021 ലെ നീക്കിയിരിപ്പ് 396508/-രൂപയാണ്. എന്നാൽ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ്, അക്കൗണ്ട്സ് എന്നിവ പ്രകാരം നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് 397058/-രൂപയാണ്. 550/-രൂപയുടെ വ്യത്യാസം ഉണ്ട്.

### 1-20 Covid-Treasury അക്കൌണ്ട് -റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ്, അക്കൗണ്ട്സ് എന്നിവ തമ്മിൽ വ്യത്യാസം

Covid-Treasury അക്കൌണ്ട് നം.0555 ന്റെ ബാങ്ക് ബുക്ക് പ്രകാരം 31.03.2021 ലെ നീക്കിയിരിപ്പ് 0/-രൂപയാണ്. എന്നാൽ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ്, അക്കൗണ്ട്സ് എന്നിവ പ്രകാരം നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് 140550/-രൂപയാണ്. 140550/-രൂപയുടെ വ്യത്യാസം ഉണ്ട്.

### 1-21 ക്യാഷ് നീക്കിയിരിപ്പിൽ വ്യത്യാസം

വാർഷികകണക്ക് പ്രകാരം 31.03.2021 ലെ ക്യാഷ് നീക്കിയിരിപ്പ് 0/- ആണ്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം 550/-രൂപയാണ്.

### 1-22 Capital Work In Progress-വാർഷികകണക്കും രജിസ്റ്ററും തമ്മിൽ വ്യത്യാസം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 1116712/-രൂപയാണ്. എന്നാൽ 31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 8180920/- രൂപയാണ്.

### 1-23 ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി.

ബ്ലോക്ക് പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ഉള്ളതായി കാണുന്നു.

| അക്കൌണ്ട് ശീർഷകം | തുക |
|---|---|
| 410300102- Roads Tarred | 2340920 |
| 410300101-Roads Cement Concrete | 734897 |
| 410300302-Bridges | 1989804 |
| 410400101-Drinking Water Sources | 403897 |
| 410400103-Drinking Water -Pipelines | 2812472 |

| | |
|---|---|
| 410500101-Irrigation Sources | 1842825 |
| 410600101-Electricity Mycro Hydel Project | 1805913 |

ഈ ആസ്തികളിന്മൽ ഡിപ്രിസിയേഷൻ കണക്കാക്കി വരുന്നുണ്ട്.മേൽ ആസ്തികൾ ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മിച്ച് നല്കിയവയോ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമാണം നടത്തി അതാത് സ്ഥാപനങ്ങൾക്ക് കൈമാറിയവയാണെന്നും കാണുന്നു. ആയതിനാൽ ഈ ആസ്തികൾ പണി പൂർത്തിയാകുന്ന മുറയ്ക്ക് അതാത് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിയിരുന്നതും അതാത് സ്ഥാപനങ്ങൾ ബാലൻസ്ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്തേണ്ടിയിരുന്നതുമാണ്. ബ്ലോക്ക് പഞ്ചായത്ത് ഇവ റവന്യൂ ചെലവ് ആയി രേഖപ്പെടുത്തേണ്ടിയിരുന്നതാണ്.

## 1-24 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.വാടക ഡിമാന്റ് രജിസ്റ്റർ

## 1-25 പത്ര പരസ്യം - ഡിസ്കൗണ്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്

ജി.ഒ (ആർ.ടി) 01/11 ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങളും തദ്ദേശഭരണസ്ഥാപനങ്ങളും വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്കിൽ 2019-20 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൌണ്ട് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | ഇൻവോയ്സ് തിയതി | തുക | പത്രം |
|---|---|---|---|
| 22000105 | 12-06-2020 | 16284 | ദേശാഭിമാനി |
| 22000061 | 15-05-2020 | 11592 | “ |
| 22000278 | 16-09-2020 | 3024 | കേരള കൗമുദി |
| 22000636 | 15-02-2021 | 6300 | ദേശാഭിമാനി |
| 22000385 | 21-10-2020 | 16800 | “ |
| 22000662 | 06-03-2021 | 6300 | “ |

സർക്കാർ ഉത്തരവ് പ്രകാരം ഡിസ്കൗണ്ട് ലഭ്യമാണെന്നിരിക്കെ മേൽ ഡിസ്കൗണ്ട് ലഭ്യമായതായി ഇൻവോയ്സിൽ കാണുന്നില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ-11/02-06-22)ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ അപാകതകൾ:- 6724301/-രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ അപാകതകൾ കാണുന്നു. ഇക്കാര്യം ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. (നം.08/02.06.2022) താഴെ പറയുന്ന അപാകതകളുടെ അടിസ്ഥാനത്തിൽ 6724301/-രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി നം./പേര് | വൗച്ചർ.നം. | തുക | അപാകത |
|---|---|---|---|---|
| 1 | പി.എം.എ.വൈ. (എസ്.സി),17/21 | 22000569/09.11.2020 | 112000 | പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ തുകകൾ ഗുണഭോക്താക്കൾക്ക് |
| | | 22000582/21.11.2020 | 112000 | |
| | | 22000587/21.12.2020 | 112000 | |

| | | | | |
|---|---|---|---|---|
| | | 222000598/06.01.2021<br>22000697/19.01.2021<br>22000576/11.11.2020<br>22000707/23.01.2021 | 196000<br>70000<br>98000<br>98000 | നൽകിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. |
| 2 | പി.എം.എ.വൈ.(ജനറൽ),16/21 | 22000455/30.10.2020<br>22000457/30.10.2020<br>22000575/10.11.2020<br>22000583/23.11.2020<br>22000596/06.01.2021<br>22000605/11.01.2021<br>22000614/15.01.2021<br>22000765/27.03.2021<br>22000574/10.11.2020<br>22000567/09.11.2020<br>22000764/27.03.2021<br>22000708/23.01.2021<br>22000706/23.01.2021<br>22000608/12.01.2021<br>22000607/12.01.2021<br>22000757/20.03.2021<br>22000756/20.03.2021 | 112000<br>112000<br>74000<br>336000<br>448000<br>336000<br>112000<br>560000<br>38000<br>112000<br>196000<br>490000<br>196000<br>196000<br>294000<br>70000<br>70000 | പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ തുകകൾ ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. |
| 3 | വിവിധ ഗ്രാമ പഞ്ചായത്തുകളുടെ മൃഗസംരക്ഷണ പദ്ധതികൾക്ക് ബ്ലോക്ക് വിഹിതം ,21/21 | 22000458/03.11.2020<br>22000459/03.11.2020<br>22000606/11.01.2021<br>22000609/12.01.2021<br>22000794/27.03.2021<br>22000805/30.03.2021 | 136000<br>82500<br>30000<br>30000<br>285000<br>171000<br>734500/- | സുലേഖ പത്രിക പ്രകാരം 734500/-രൂപയുടെ ചെലവുണ്ട്.എന്നാൽ ഫയലിൽ ബിൽ പകർപ്പുകൾ ഇല്ലാത്തതിനാൽ ഏതെല്ലാം പഞ്ചായത്തുകൾക്ക് തുക നൽകി എന്ന് വ്യക്തമല്ല.വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 4 | ലൈഫ് മിഷൻ(പട്ടിക വർഗ്ഗം), 38/21 | 22000709/23.01.2021 | 160000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 5 | ലൈഫ് മിഷൻ ഭൂമി വാങ്ങൽ(ജനറൽ),52/21 | 22000131/14.04.2020<br>22000132/14.04.2020<br>22000137/01.05.2020<br>22000142/15.05.2020<br>22000147/05.06.2020 | 200000<br>400000<br>400000<br>400000<br>600000<br>2000000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 6 | ലൈഫ് മിഷൻ ഭൂമി വാങ്ങൽ(പട്ടികജാതി),53/21 | 22000148/05.06.2020<br>22000197/14.07.2020 | 450000<br>450000<br>900000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 7 | ലൈഫ് (ജനറൽ),76/21 | 22000146/05.06.2020<br>22000362/28.09.2020 | 387460<br>393333 | സുലേഖ പത്രിക പ്രകാരം 780793/-രൂപയുടെ ചെലവുണ്ട്.എന്നാൽ ഫയലിൽ |

| | | | | |
|---|---|---|---|---|
| | | | 780793 | ബിൽ പകർപ്പുകൾ ഇല്ലാത്തതിനാൽ ഏതെല്ലാം പഞ്ചായത്തുകൾക്ക് തുക നൽകി എന്ന് വ്യക്തമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 8 | ലൈഫ് മിഷൻ (പട്ടികജാതി),77/21 | 22000149/09.06.2020<br>22000196/02.07.2020<br>22000150/09.06.2020<br>22000192/18.06.2020<br>22000610/15.01.2021<br>22000732/04.03.2021 | 100000<br>100000<br>50000<br>200000<br>160000<br>19820<br>629820 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 9 | ലൈഫ്-പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം (ജനറൽ),96/21 | 22000612/15.01.2021 | 10500 | തുക ബേബി.സി.ആർ എന്ന വ്യക്തിയ്ക്ക് കൈമാറിയിട്ടുണ്ട്.പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ തുകകൾ ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. |
| 10 | ലൈഫ്-(ജനറൽ),04/21 | 22000322/12.08.2020 | 200000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 11 | ലൈഫ് മിഷൻ (പട്ടികജാതി),05/21 | 22000456/30.10.2020<br>22000586/21.12.2020<br>22000324/18.08.2020<br>22000720/15.02.2021<br>22000719/10.02.2021<br>22000798/27.03.2021<br>22000721/19.02.2021<br>22000796/27.03.2021<br>22000797/27.03.2021<br>22000799/27.03.2021 | 400000<br>160000<br>450000<br>200000<br>200000<br>220000<br>80000<br>500000<br>160000<br>100000<br>2470000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 12 | ഐ.കെ.എം. വിഹിതം,02/21 | 22000133/23.04.2020 | 37211 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 13 | ആശ്രയ വിഹിതം കൈമാറൽ,07/21 | 22000450/19.10.2020<br>22000453/28.10.2020<br>22000592/06.01.2021<br>22000593/06.01.2021<br>22000790/27.03.2021<br>22000793/27.03.2021 | 40000<br>100000<br>200000<br>160000<br>100000<br>50000<br>650000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 14 | വിശപ്പ് രഹിത കേരളം,81/21 | 22000767/02.07.2020 | 40000 | പടിയൂരിന് 20000/-രൂപ |

| | | | | |
|---|---|---|---|---|
| | | | | കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 15 | പൂമംഗലം ഗ്രാമ പഞ്ചായത്തിലെ ശ്മശാന നിർമ്മാണം,ബ്ലോക്ക് ഷയർ,45/21 | 22000811/30.03.2021 | 1869440 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 16 | ബ്ലോക്ക് പഞ്ചായത്ത് ഐ.എസ്.ഒ തുടർ പ്രവർത്തനം,62/21 | 22000123/11.04.2020 | 178310 | ഫയൽ ലഭ്യമാക്കിയിട്ടില്ല |
| 17 | ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് കമ്പ്യൂട്ടർ ഇൻവെർട്ടർ അനുബന്ധ സൗകര്യങ്ങൾ,46/21 | 22000753/19.03.2021<br>22000758/23.03.2021 | 14865<br>162233<br>177098 | ഫയൽ ലഭ്യമാക്കിയിട്ടില്ല |
| 18 | പി.എം.എ.വൈ.(എസ്.സി),60/21 | 22000139/13.05.2020 | 98000 | ഫയൽ ലഭ്യമാക്കിയിട്ടില്ല |
| 19 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകൽ,98/21 | തനത് ഫണ്ട് (വൗ.നം.ലഭ്യമല്ല.) | 195100 | ഫയൽ ലഭ്യമാക്കിയിട്ടില്ല |
| | | ആകെ | 12050276/- | |

ക്രമ നമ്പർ 4, 5, 6, 8, 10. 11, 12, 13, 14, 15 എന്നിവ ഒഴികെയുള്ള 6724301 രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സഹായം-യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

പദ്ധതി നമ്പർ - 58/21

നിർവ്വഹണ ഉദ്യോഗസ്ഥൻ – വ്യവസായ വികസന ഓഫീസർ

വൗച്ചർ നമ്പർ-22000122/11.4.20-200000/-

വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സഹായം (ബാക്ക് എൻഡഡ് സബ്സിഡി) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയ പുണ്യ തുണി സഞ്ചി നിർമ്മാണ യൂണിറ്റ് ഓഡിറ്റ് ടീം 2.6.22 ന് പ്രാദേശിക പരിശോധന നടത്തി. ഒരു വീടിന്റെ ട്രസ് മേൽക്കൂരക്ക് താഴെയാണ് ഉപകരണങ്ങൾ സ്ഥാപിച്ച് യൂണിറ്റ് പ്രവർത്തിക്കുന്നത്. തുറന്ന മേൽക്കൂരക്ക് താഴെ സ്ഥാപിച്ചിരിക്കുന്നതിനാൽ ഉപകരണങ്ങൾ കാലാവസ്ഥ പ്രതികൂലമാകുന്ന സമയത്ത് നാശനഷ്ടം ഉണ്ടാകാവുന്ന നിലയിലാണ്. യൂണിറ്റ് 8.1.20 നാണ് ആരംഭിച്ചതെങ്കിലും MSME യിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത് 11.4.21 നാണ്. 24.7.21 വരെ മാത്രമേ യൂണിറ്റിന്റെ മിനിറ്റ്സും വരവ് ചെലവ് കണക്കുകളും എഴുതി തയ്യാറാക്കിയിട്ടുള്ളൂ. പുത്തൻചിറ സർവ്വീസ് ബാങ്കിൽ നിന്നാണ് ലോൺ എടുത്തിരിക്കുന്നത് (50000/-) ആയത് കൃത്യമായി അടവാക്കുന്നില്ല. തുണി സഞ്ചിക്ക് ആവശ്യക്കാർ കുറവായതിനാലാണ് പ്രവർത്തിക്കാത്തതെന്നാണ് അംഗങ്ങൾ അറിയിച്ചത്. യൂണിറ്റ് സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് സാമ്പത്തിക സുരക്ഷിതത്വം കൈവരിക്കുന്നതിനും ആവശ്യമായ നിർദ്ദേശം അംഗങ്ങൾക്ക് നൽകേണ്ടതാണ്. യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 ടോയ്‌ലറ്റിന് ഭീഷണിയായി തേക്കമരവേരുഭീഷണി

2/6/22 ന് ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ് ക്ലർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഈ കാര്യാലയത്തിന്റെ വലതുവശത്ത് സ്ഥിതി ചെയ്യുന്ന തേക്കമരത്തിന്റെ വേര് കെട്ടിടത്തിലെ ടോയ്‌ലറ്റിലേക്ക് വളർന്നുവരുന്നതായും ആ ഭാഗത്ത് തറയിൽ വിള്ളൽ ഉള്ളതായും കാണപ്പെട്ടു. ഇക്കാര്യം നേരത്തെ വനം വകുപ്പിനെ അറിയിച്ചെങ്കിലും കൊമ്പുകൾ മുറിക്കാൻ മാത്രമേ നിർവാഹമുള്ളൂ എന്നാണ് അധികൃതർ അറിയിച്ചത്. കാര്യത്തിന്റെ ഗൗരവം ഒന്നുകൂടി വനം വകുപ്പിനെ അറിയിക്കാൻ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 സാധനങ്ങളുടെ ഗുണനിലവാരപരിശോധന സാക്ഷ്യപത്രം ഹാജരാക്കിയില്ല

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ്, 10/9/15 ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, 10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം

പതിനഞ്ച് ലക്ഷത്തിന്മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിങ് സർട്ടിഫിക്കറ്റ് കരാറുകാരൻ സമർപ്പിക്കേണ്ടതാണെങ്കിലും താഴെപ്പറയുന്ന പ്രവൃത്തിയുടെ കാര്യത്തിൽ ഈ നിബന്ധന പാലിക്കുകയുണ്ടായിട്ടില്ല. ഇതിനായി കോൺക്രീറ്റ് ക്യൂബ്, ഉരുക്കുകമ്പികൾ എന്നിവയുടെ കോമ്പ്രിഹെൻസീവ് സ്ട്രെങ്ത്, ഇനം 14 പ്രകാരമുള്ള വെട്രിഫൈഡ് ടൈൽ, എക്സ്ട്രാ ഇനം 2 പ്രകാരമുള്ള സെറാമിക് ടൈൽ എന്നിവ IS 15622 സ്പെസിഫിക്കേഷൻ പുലർത്തുന്നുണ്ടോ എന്നിവ സംബന്ധിച്ച സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. പ്രവൃത്തി സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| പ്രൊജക്റ്റ് നം | 54/21 |
| പ്രവൃത്തി | പുളിയിലക്കുന്ന് സാംസ്കാരി നിലയം ഒന്നാം നില പൂർത്തീകരണം |
| അടങ്കൽ | 500000 എസ്.സി.പി.<br>2500000 ജില്ലാ പഞ്ചായത്ത് ഫണ്ട് |
| നിർവഹണം | അസി. എക്സി. എൻജിനീയർ |
| സാ. അനുമതി | LSGD/TS/19-20/15298/30.11.19 |
| കരാറുകാരൻ | മിതർ ഔസി |
| കരാർ | 12/AEE/LSGD/VLGR/19-20/15.2.20 |
| അളവുപുസ്തകം | 12/19-20, 20/18-19 |
| ബിൽ നം, ബിൽ സാങ്ഷൻ നം | 4/18/4/20, 899935-Bill<br>209/30.1.21, 1445073-Bill Sanction |

8/7/20 ലെ 9(7) നമ്പർ ഭരണസമിതി തീരുമാനത്തിൽ ഈ കെട്ടിടനിർമാണത്തിലെ അപാകത സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല, ഫയലിൽ ഇത് സംബന്ധിച്ചും വിവരം രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ 3/30/5/22 ന് മറുപടി നൽകിയിട്ടില്ല.

ഉപയോഗിച്ചിട്ടുള്ള സാധനസാമഗ്രികളുടെ ഗുണനിലവാരപരിശോധന നടത്താത്തതിന്റെയും അപാകത വിവരിക്കാത്തതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-30 പുളിയിലക്കുന്ന് സാംസ്കാരികനിലയം നല്ലൊരു ആസ്തിയാക്കി മാറ്റേണ്ടതാണ്

സാമ്പത്തികവർഷം 1945073 രൂപ ചെലവഴിച്ച് സാംസ്കാരികനിലയത്തിന്റെ ഒന്നാം നിലയിൽ ഹാൾ പണിയുകയും 1096602 രൂപ ചെലവഴിച്ച് അടുക്കളയും ചുറ്റുമതിലും നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതീകരണം, കുടിവെള്ള സൗകര്യം, ഫർണീച്ചറുകൾ, പാത്രങ്ങൾ എന്നിവ ഒരുക്കി എത്രയും വേഗം ഇത് സ്ഥിരവരുമാനം ലഭിക്കുന്ന നല്ലൊരു ആസ്തിയാക്കി മാറ്റേണ്ടതാണ്.

## 1-31 ഗ്രാമീണവായനശാലാ കെട്ടിടം അപാകത പരിഹരിക്കേണ്ടതാണ്

2020-21 സാമ്പത്തികവർഷം 1500000 രൂപ വികസനഫണ്ട് ജനറൽ വകയിരുത്തി 1469955 രൂപ ചെലവിൽ വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിൽ ഒരു ഗ്രാമീണവായനശാലകെട്ടിടം പണി കഴിപ്പിച്ചിട്ടുണ്ട്. 2/6/22 ബ്ലോക്ക് പഞ്ചായത്തിലെ അസി.എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധയിൽ ഈ കെട്ടിടത്തിന്റെ കോണിമുറിക്ക് മുന്നിലുള്ള ടെറസിന് സ്ലോപ്പ് ആയി പ്ലാസ്റ്ററിങ് നടത്താത്തതിനാൽ, ഇവിടെ നിന്നും നല്ല മഴയുള്ളപ്പോൾ വെള്ളം കോണിയിലേക്ക് ഒഴുകിവരുന്നതായി ലൈബ്രേറിയൻ അറിയിച്ചു.കെട്ടിടത്തിൽ വെർട്ടിഫൈഡ് ടൈൽ പതിച്ചിട്ടുള്ളതിനാൽ അപകടത്തിനുള്ള സാധ്യതയുണ്ട്. പ്രൊജക്റ്റ് സംബന്ധിച്ച മറ്റ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 71/21 |
| കരാറുകാരൻ | ടി.എ.ബഷീർ |
| കരാർ | 7AEE/LSGD/VLGR/19-20<br>/18/2/20 |
| അളവുപുസ്തകം | 22/19-20,8/19-20,7/19-20 |
| ബിൽ നം, തുക | 7/27/5/20, 773736<br>12/30/8/20, 966219 |

മേൽപറഞ്ഞ അപാകത പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-32 വെള്ളൂർ അംബേദ്കർ കോളനി പാർശ്വസംരക്ഷണം-പ്രയോജനം നാമമാത്രം

19 പട്ടികജാതി കുടുംബങ്ങളും മൂന്ന് ജനറൽ വിഭാഗം കുടുംബങ്ങളും താമസിക്കുന്ന പ്രസ്തുത കോളനിയിൽ പത്ത് ലക്ഷം രൂപ അടങ്കലിൽ 855383 രൂപ ചെലവഴിച്ച് പാർശ്വസംരക്ഷണ പ്രവൃത്തി നടത്തിയെങ്കിലും ആയതിന്റെ പ്രയോജനം ലഭിച്ചത് ഫീസിബിലിറ്റി ലിസ്റ്റിൽ ഉൾപെടാത്ത കീഴ്മനപ്പറമ്പിൽ വേണു എന്ന പട്ടികജാതിയിൽപെടുന്ന കുടുംബത്തിനും ലിസ്റ്റിൽ ഉൾപെട്ട ഒരു പട്ടികജാതി കുടംബത്തിനും മാത്രമാണ്. പ്രൊജക്റ്റ് സംബന്ധിച്ച മറ്റ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 70/21 |
| നിർവഹണം | അസി.എൻജിനീയർ |
| കരാറുകാരൻ | കെ.ജെ.ശ്രീക്കുട്ടൻ |
| ഫണ്ട് | എസ്.സി.പി. |
| അളവുപുസ്തകം | 17/19-20 |
| ബിൽ നം, തുക | 6/20/5/20, 855383 |

കൂടുതൽ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുവിധം പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ പ്രത്യേകശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-33 മരാമത്ത് പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും

സാമ്പത്തികവർഷം അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി 16 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 14 പ്രൊജക്റ്റുകൾക്ക് വേണ്ടി തുക ചെലവഴിച്ചു (87,5%). മൊത്തം 10219185 രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 9335479 രൂപയാണ് ചെലവഴിച്ചിരിക്കുന്നത് (91.35%). കൂടുതൽ പദ്ധതികൾക്കുവേണ്ടി തുക ചെലവഴിക്കുന്നതിൽ അടുത്ത വർഷം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

സാമ്പത്തികവർഷം അസി. എക്സി. എൻജിനീയർ 3 പ്രൊജക്റ്റ് ആവിഷ്കരിച്ചതിൽ ഒരു പ്രൊജക്റ്റിന് വേണ്ടി തുക ചെലവഴിച്ചിട്ടുണ്ട്. 3000000 രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 1945073 രൂപയാണ് ചെലവഴിച്ചിരിക്കുന്നത് (65.84%).

## 1-34 കരാറുകൾ ചമച്ചിട്ടുള്ളത് ആധികാരികമായിട്ടല്ല

ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയർ നിർവഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയ പ്രൊജക്റ്റുകളിന്മേലുള്ള പൊതു നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1. 2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2010 അനുശാസിക്കുന്ന മാതൃകയിലല്ല കരാറുകാരുമായി കരാർ ചമച്ചിട്ടുള്ളത്. കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള മാതൃകയിലാണ് ഇപ്പോഴും കരാർ ചമച്ചുവരുന്നത്.

2012 ലെ കേരള പൊതുമരാമത്ത് മാന്വൽ എല്ലാ ത.സ്വ.ഭ.വ സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളതിനാൽ ആയതിലെ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് തന്നെ കരാറുകൾ ചമച്ച് ആധികാരികമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 മരുന്നുകൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.

പദ്ധതി - സെക്കന്ററി പാലിയേറ്റീവ്

പ്രൊജക്റ്റ് നമ്പർ – 65/21

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, സി എച്ച് സി

അടങ്കൽ – 164254/-
ചെലവ് – 164254/-

2020-21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കിയ സെക്കന്ററി പാലിയേറ്റീവ് പദ്ധതിയിൽ 131625 രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.12/03.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-36 പാലിയേറ്റീവ് കെയർ -ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നല്കൽ

പ്രൊജക്റ്റ് നമ്പർ – 31/21

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, സി എച്ച് സി

അടങ്കൽ – 814617/-
ചെലവ് - 814617/-

2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ -ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നല്കൽ പദ്ധതിയിൽ 814617 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 42245 രൂപയുടെ ചെലവ് വിവരങ്ങൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. മറ്റു വിവരങ്ങൾ കൂടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/3.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 772372/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ലഭ്യമല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ലഭ്യമല്ല.

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ലഭ്യമല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74908526/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80720672/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7496673/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 6724301.00 | ശ്രീമതി.ദിവ്യ കുഞ്ഞുണ്ണി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (3096943) |
| | | ശ്രീ.ഇ.എൻ.ലോഹിതാക്ഷൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (480000) |
| | | ശ്രീമതി.ജെനിഫർ ഫാൻസി.എസ് (3147358) |
| 1-36 | 772372.00 | ഡോ.ടി.വി.ബിന, മെഡിക്കൽ ഓഫീസർ |
| ആകെ | 7496673.00 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടില് പ്രതിപാദിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും മേൽ വിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ദിവ്യ കുഞ്ഞുണ്ണി, ബ്ലോക്ക് പഞ്ചായത്ത് | വെള്ളാങ്ങല്ലൂർ ബ്ലോക്ക് | കൊടകര തട്ടാൻ ഹൗസ്, |

| | | |
|---|---|---|
| സെക്രട്ടറി | പഞ്ചായത്ത് സെക്രട്ടറി | കൊടകര.പി.ഒ |
| ശ്രീ.ഇ.എൻ.ലോഹിതാക്ഷൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ജോയിന്റ് ബി.ഡി.ഒ, (ആർ.എച്ച്) | ഇലവിങ്കൽ വീട്, പോട്ട |
| ശ്രീമതി.ജെനിഫർ ഫാൻസി.എസ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ലഭ്യമല്ല | "ദീപം", കൈവൻവിള, നെല്ലിവീട്.പി.ഒ, തിരുവനന്തപുരം. |
| ഡോ.ടി.വി.ബിന്ദ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | തൈവളപ്പിൽ ഹൗസ്, പുത്തൻചിറ.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995- 96, 1996-97, 97-98 | എൽ.എഫ്.ടി.9-1555/98 തീയതി16.4.99/ 7.7.99 | |
| 98-99 | എൽ. എഫ്.ടി.9- 313/00 തീയതി24.4.00/ 17.5.00 | |
| 99-00 | എൽ. എഫ്.ടി.9-293/01തീയതി 27.4.01 | |
| 2000-01 | എൽ. എഫ്.ടി.9- 1608/01 തീയതി 24.8.02/ 14.11.12 | |
| 2001-02 | എൽ. എഫ്.ടി.9- 2119/05 തീയതി 4.2.06/14.11.06 | |
| 2002-03 | എൽ.എഫ്.ടി.21-2438/07 തീയതി 2.8.08/16.10.08 | |
| 2003-04 | എൽ. എഫ്.ടി.2439/07 തീയതി 2.8.08 | |
| 2004-05 | എൽ. എഫ്.ടി.21- 2440/07 തീയതി 2.8.08 | |
| 2005-06 | എൽ. എഫ്.ടി.21-809/09 തീയതി 16.3.10/15.5.10 | |
| 2006-07 | എൽ. എഫ്.ടി.21-809/09 തീയതി 16.3.10 /13.5.10 | |
| 2007-08 2010-11 | എൽ. എഫ്.ടി.(ബി.പി) 2267/12തീയതി 5.2.13/15.6.13 | |
| 2011-12 | എൽ. എഫ്.ടി.(ബി.പി) 1584/2013/ തീയതി.9.14/13.3.14 | |
| 2012-13 | എൽ. എഫ്.ടി.(ബി.പി)1023/2014 തീയതി 10.10.14/24.11.14 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2)1734/15 തീയതി 8.12.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2) 670/16 തീയതി 19.5.16/19.8.16 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2) 321/17 തീയതി 24.03.17/29.03.17 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2) 1724/2017 തീയതി 01-12-2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2) 132/2019 തീയതി 02-05-2019 | |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി.2)325/2020 /09.06.2020. | |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി.2)985/2022 /04.07.2022 | |

ജോയിന്റ്ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്